## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4533** 25-06-2019 -ൽ മറുപടിക്ക്

# ഫ്ലഡ് വർക്കുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം.ഉമ്മർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് ഫ്ലഡ് വർക്കുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ), ബി), | ജലസേചന വകുപ്പിൽ നിന്നും ഫ്ലഡ് കൺട്രോൾ / ഫ്ലഡ് ഡാമേജ് തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഫ്ലഡ് വർക്കുകൾക്ക് ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് സമയബന്ധിതമായി അനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുവാൻ സത്വരനടപടികൾ എടുത്തു വരുന്നു. റവന്യൂ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആർ.എം.എഫ്.ൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. കൂടാതെ 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ടി എസ്.ഡി.ആർ.എഫ്.ൽ (State Disaster Response Fund) ഉൾപ്പെടുത്തി 536.27 കോടി അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലാണ്. നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയല്ല മറിച്ച് ഫണ്ടിന്റെ ലഭ്യതക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കാലംതെറ്റി ഉണ്ടാകുന്ന മഴ എന്നിവയാണ് ചില പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകുവാൻ കാരണം. പൊതുമരാമത്ത് വകുപ്പിൽ നിന്നും , കോഴിക്കോട്, തൃശ്ശൂർ, |
| ബി) | നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കൊല്ലം, എറണാകുളം, ആലപ്പുഴ, എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗത യോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയ പാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിംഗിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമ വികസന വകുപ്പിൽ നിന്നും സർക്കാർ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് പ്രവർത്തനാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ പ്രവൃത്തികളുടെ ടെണ്ടർ കൈക്കൊള്ളുവാൻ കരാറുകാർ പൊതുവെ താല്പര്യപ്പെടുന്നില്ല. ആയതുമൂലം റീടേണ്ടർ / ക്വട്ടേഷൻ ക്ഷണിക്കേണ്ടി വരുന്നതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം വരുന്നുണ്ട്. പ്രവൃത്തി നടത്തുമ്പോൾ വർക്ക് സൈറ്റിലെ വ്യതിയാനം മൂലം എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യം വരുമ്പോൾ പ്രവൃത്തിയുടെ നിർവ്വഹണത്തിലെ കാലതാമസം വരാറുണ്ട്. പ്രതികൂല കാലാവസ്ഥ മൂലവും പ്രവൃത്തികളുടെ നിർവ്വഹണം തടസ്സപ്പെടാറുണ്ട്. |

| | | | |
|---|---|---|---|
| സി) | ഫ്ലഡ് വർക്കുകൾ റവന്യൂ വകുപ്പ് നേരിട്ട് ഏറ്റെടുക്കുന്നതിനായി റവന്യൂ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ? | സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ